**കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയെയും**
**വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്**

ഹെഡ് ഓഫീസ്, മൂന്നാം നില,
കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്,
തമ്പാനൂർ,തിരുവനന്തപുരം 695 001
ഫോൺ : 0471 2325552, 8330010851,
ഇ-മെയിൽ : **swo.lot@kerala.gov.in**

**LWHO/69/2024-E1** തീയതി : 31-07-2025

## സർക്കുലർ

വിഷയം: കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - ഹെഡ് ഓഫീസ് – കുടുംബ പെൻഷൻ അനുവദിക്കുന്നത് – സംബന്ധിച്ച്

സൂചന: 1) 21/11/2009-ലെ ജി ഒ (പി) നമ്പർ 209/2009/നി .വ നമ്പർ ക്ഷേമനിധി വിജ്ഞാപനം.
2) 11.04.2025 ലെ പതിനാറാമത് ബോർഡ് യോഗ തീരുമാനം . തീരുമാനം (16/27)

സൂചന (1) ക്ഷേമനിധി ബോർഡ് വിജ്ഞാപനം അദ്ധ്യായം ആറ് ഖണ്ഡിക 31 പ്രകാരം പെൻഷൻ ലഭിക്കുവാൻ അർഹതപ്പെട്ട അംഗമോ പത്തു വർഷത്തിൽ കുറയാതെ അംശാദായം അടച്ചിട്ടുള്ള അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബാംഗങ്ങളിൽ ഒരാൾക്ക് അർഹത നഷ്ടപ്പെട്ടാൽ , കുടുംബത്തിലെ അർഹതയുള്ള അടുത്ത ആൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ് .

കുടുംബപെൻഷൻ തുക സൂചന (1) ഖണ്ഡിക 30-ലെ ഉപഖണ്ഡിക (1) പ്രകാരം അർഹതപ്പെട്ട പ്രതിമാസ പെൻഷൻ തുകയുടെ അൻപത് ശതമാനം ആയിരിക്കും.

കുടുംബ പെൻഷന് അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം അംഗത്തെ സംബന്ധിക്കുന്ന ജനന മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ് അപേക്ഷകന് മരണപ്പെട്ട അംഗവുമായുള്ള ബന്ധം സംബന്ധിച്ച് , റവന്യൂ അധികാരി നൽകുന്ന സർട്ടിഫിക്കറ്റ് വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. പെൺമക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ.ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം കഴിഞ്ഞാൽ ഉടൻ ടി വിവരം ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ് . ആൺ മക്കളാണ് അപേക്ഷകരെങ്കിൽ അവർ ഇരുപത്തിയൊന്ന് വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷന് അർഹല്ലാതായിത്തീരും .

കുടുംബ പെൻഷൻ ലഭിക്കുന്നവർ പുനർവിവാഹം ചെയ്യുകയാണെങ്കിൽ പുനർ വിവാഹം വരെ മാത്രമേ കുടുംബ പെൻഷൻ ലഭിക്കുകയുള്ളൂ.

കുടുംബ പെൻഷന് അർഹതയുള്ള അംഗങ്ങൾ എല്ലാ വർഷവും ഏപ്രിൽ മാസം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന് സൂചന (2) ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് . പ്രസ്തുത തീരുമാനം എല്ലാ ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർമാരും കർശനമായി പാലിക്കേണ്ടതാണ്.

ലൈഫ് സർട്ടിഫിക്കറ്റ് സ്വീകരിക്കേണ്ടതുമായി ബന്ധപ്പെട്ട പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 1 മുതൽ ഏപ്രിൽ 30 വരെ മാസം കൃത്യമായി ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിർദ്ദേശം ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
2. ഏപ്രിൽ മാസം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് മാത്രം പ്രസ്തുത വർഷത്തെ തുടർന്നുള്ള മാസങ്ങളിലെ കുടുംബ പെൻഷൻ അനുവദിക്കുവാൻ പാടുള്ളൂ.
3. കുടുംബ പെൻഷൻ കുടിശ്ശിക നൽകുവാനുള്ള മാസങ്ങളിലെ തുക പ്രസ്തുത വർഷം ഏപ്രിൽ മാസം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് നൽകുന്നതാണ്.

( ഉദാ: 2025 ജനുവരി,ഫെബ്രുവരി,മാർച്ച്,ഏപ്രിൽ മാസങ്ങളിലെ പെൻഷൻ കുടിശ്ശിക 2025 മെയ് മാസം അനുവദിക്കുകയാണെങ്കിൽ 2025 ഏപ്രിൽ മാസം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവർക്കും കുടുംബ പെൻഷൻ നൽകാവുന്നതാണ് )

4.എല്ലാ വർഷവും ഏപ്രിൽ മാസം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്നിരിക്കെ ഏപ്രിൽ മാസത്തിനു ശേഷം കുടുംബ പെൻഷന് അർഹത നേടുന്നവർക്ക് അടുത്ത വർഷം മാർച്ച് മാസം വരെ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ കുടുംബ പെൻഷൻ അനുവദിച്ച് നൽകാവുന്നതും തുടർന്നുള്ള മാസങ്ങളിൽ കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹരായവരിൽ നിന്നും ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള നടപടികൾ ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ് . ആയതിൽ വീഴ്ച വരുത്തുവാൻ പാടുള്ളതല്ല.

മേൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർമാരും ബാധ്യസ്ഥരാണ് .

വിശ്വസ്തതയോടെ

Signed by
Mithra. D.s
Date: 31-07-2025 13:10:57

MITHRA D S
SATE WELFARE OFFICER

എല്ലാ ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർമാർക്കും